*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/2/HSE/2018** **30th May 2018**

# സർക്കുലർ

സൂചന : 1) GO(Rt).No. 1724/2018/GEdn dated 08/05/2018
2) ഇതേ നമ്പറിലെ മെയ് 8,11 തീയതികളിലെ സർക്കുലറുകൾ

## ഏകജാലകപ്രവേശനം 2018 : പ്രിൻസിപ്പൽമാർക്കുള്ള തുടർ നിർദേശങ്ങൾ

സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ മെരിറ്റ് സീറ്റുകളിലേക്ക് അലോട്ട്മെൻറിനായി പരിഗണിക്കുന്നതിനായി അപേക്ഷകൾ വെരിഫിക്കേഷനായി മെയ് 31 ന് വൈകിട്ട് 5 മണി വരെ സ്വീകരിക്കേണ്ടതാണ്.

വെരിഫിക്കേഷനുമായി സ്വീകരിക്കുന്ന അപേക്ഷകളുടെ എണ്ണം മെയ് 31 **ന് വൈകിട്ട് 6 മണിക്കു** മുമ്പായി Application Monitoring Module-ൽ രേഖപ്പെടുത്താൻ എല്ലാ പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷരിൽ നിന്നും തിരുത്തലിനുള്ള അപേക്ഷകൾ ജൂൺ 1 ന് ഉച്ചയ്ക്ക് 2 മണി വരെ മണിവരെ സ്വീകരിക്കേണ്ടതാണ്.

2018 മാർച്ചിൽ സി.ബി.എസ്.ഇ പരീക്ഷ എഴുതി ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾ ഏകജാലക പ്രവേശനത്തിന് അപേക്ഷിക്കുമ്പോൾ “ 50 രൂപ മുദ്രപത്രത്തിൽ അപേക്ഷകരുടെ മാതാപിതാക്കൾ /രക്ഷകർത്താക്കൾ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യ പത്രം കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം.” എന്ന പ്രോസ്പക്ടസിലെ ഒന്നാം ഖണ്ഡികയിലേ നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2018 മാർച്ചിനു മുൻപ് സി.ബി.എസ്.ഇ സിലബസിൽ ഉന്നത പഠനത്തിന് യോഗ്യത നേടിയവർക്ക് പ്രസ്തുത നിബന്ധന ബാധകമാണ്.

**വിഭിന്നശേഷി വിഭാഗത്തിലുള്ള അപേക്ഷകർ** ഹാജരാക്കിയിട്ടുള്ള ജില്ലാതല കൗൺസലിങ് / വെരിഫിക്കേഷൻ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യുമ്പോൾ , കൗൺസലിങിന് ഹാജരായിട്ടില്ല എന്ന രീതിയിൽ മെസ്സേജ് വരുകയാണെങ്കിൽ അത്തരത്തിലുള്ള അപേക്ഷാവിവരങ്ങൾ ചുവടെ ചേർക്കുന്ന മാതൃകയിൽ സ്കൂളിൻെറ ഔദ്യോഗിക ഇ–മെയിൽ നിന്നും പ്രിൻസിപ്പാൾ പ്രത്യേക അപേക്ഷ ചുവടെ ചേർക്കുന്ന മാതൃകയിൽ ictcelldhse@gmail.com എന്ന ഇ–മെയിൽ വിലാസത്തിലേക്ക് അയക്കണം. ഇ–മെയിലിൻെറ സബ്ജക്ട് Differently Abled – Unable to Update എന്നായിരിക്കണം. പ്രിൻസിപ്പാളിൻെറ അപേക്ഷയിൽ അപേക്ഷാനമ്പർ , യോഗ്യതാപരീക്ഷയുടെ സ്കീം ,രജിസ്റ്റർ നമ്പർ , വിജയിച്ച

മാസം , വർഷം , ജനന തീയതി, അപേക്ഷാർത്ഥിയുടെ പേര് , IEDC Reference No എന്നിവയും ഉണ്ടായിരിക്കണം.

സ്കൂളുകളിൽ ലഭിച്ച അപേക്ഷകളുടെ **വെരിഫിക്കേഷൻ ജൂൺ 1 ന് വൈകിട്ട് 4 മണിക്കു മുൻപായി പൂർത്തീകരിച്ച് കൺഫർമേഷൻ ചെയ്യേണ്ടതാണ്. Application Upload Confirmation ലിങ്ക് അഡ്മിൻ യൂസറിൽ ജൂൺ 1 ന് ഉച്ചക്ക് 2 മണിമുതൽ ലഭ്യമാകുന്നതാണ്.**

**ഡയറക്ടർ**